**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4972** **04-07-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ച പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് പുരോഗമിക്കുന്നതെന്ന് അറിയിക്കാമോ; 2016 മുതൽ നാളിതുവരെ പ്രസ്തുത മണ്ഡലത്തിൽ പ്രവൃത്തി പൂർത്തീകരിച്ച പാലങ്ങൾ ഏതെല്ലാമാണെന്നും അവ പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടുണ്ടോയെന്നും അറിയിക്കാമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ പുരോഗമിക്കുന്ന പാലം പ്രവൃത്തികൾ ചുവടെ പറയുന്നവയാണ്.<br><br>കരിമ്പുഴയ്ക്ക് കുറുകെ ഏനാദി പാലത്തിന്റെ നിർമ്മാണം.<br><br>പുന്നപ്പുഴയ്ക്ക് കുറുകെ മുട്ടിക്കടവ് പാലത്തിന്റെ നിർമ്മാണം.<br><br>ഇരുട്ടുകുത്തിപാലം നിർമ്മാണം.<br><br>വഴിക്കടവ് - ചക്കപ്പാടം റോഡിലെ മണിമൂളി പാലത്തിന്റെ പുനർനിർമ്മാണം.<br><br>2016 മുതൽ നാളിതുവരെ നിലമ്പൂർ മണ്ഡലത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ച പാലങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>1. പുന്നപ്പുഴയ്ക്ക് കുറുകെ കുട്ടപ്പാടിപാലം നിർമ്മാണം.<br><br>2. ചാലിയാറിനു കുറുകെ കൈപ്പിനിക്കടവ്പാലം പുനർനിർമ്മാണം.<br><br>3. കരിയൻതോട്പാലം പുനർനിർമ്മാണം.<br><br>4. കുതിരപ്പുഴയ്ക്ക് കുറുകെ തുക്കെക്കുത്ത് പാലം നിർമ്മാണം. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ മരത്തിൻകടവ് പാലം, എടക്കരയിലെ സമാന്തര പാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിക്കുന്നുണ്ടോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏതു കാര്യാലയത്തിലാണുള്ളതെന്നും ഫയൽ നമ്പർ സഹിതം അറിയിക്കാമോ; | (ബി) | നിലമ്പൂർ മണ്ഡലത്തിലെ മരത്തിൻകടവ്പാലം, എടക്കര സമാന്തരപാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൽ പുരോഗമിച്ചുവരുന്നു.<br><br>മരത്തിൻകടവ് പാലം - PRICE ID No.PWD/BR/FL/4626/2024 |

| | | | |
|---|---|---|---|
| | | | എടക്കര സമാന്തര പാലം - PRICE ID No.PWD/BR/FL/4624/2024 |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ഏനാന്തിക്കടവ് പാലം, ഇരുട്ടുകുത്തിക്കടവ് പാലം, അമ്പൂട്ടാൻപെട്ടി-ശാന്തിഗ്രാം പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ? | (സി) | ഏനാന്തിക്കടവ്പാലം നിർമ്മാണത്തിനായി ഇ - ടെണ്ടർ നടത്തി. പ്രവൃത്തി ഇപ്പോൾ എഗ്രിമെന്റ് സ്റ്റേജിൽ ആണ് .<br><br>ഇരുട്ടുകുത്തി പാലത്തിന്റെ അബട്ട്മെന്റ് **(A1)** ഭാഗത്ത് ഫൗണ്ടേഷൻ പ്രവൃത്തിയുടെ ഭാഗമായുള്ള പ്രാഥമിക പ്രവൃത്തികൾ നടന്നുവരുന്നു.<br><br>അമ്പൂട്ടാൻപെട്ടി - ശാന്തിഗ്രാം പാലം - CRF സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തി 12.06.2024 തീയതിയിലെ സ.ഉ.(സാധാ) നം.572/2024/പൊമവ പ്രകാരം 12.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ